പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5680 — 03/11/2016-ൽ മറുപടിയ്ക്ക്

## **മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും എസ്.സി/എസ്.റ്റി. ഹോസ്റ്റലുകൾക്കും കർമ്മ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.ഐ. സി. ബാലകൃഷ്ണൻ**<br>**ശ്രീ. വി.പി. സജീന്ദ്രൻ**<br>**ശ്രീ. വി.ഡി. സതീശൻ**<br>**ശ്രീ. എ.പി അനിൽ കുമാർ** | | **ശ്രീ.എ.കെ. ബാലൻ**<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും എസ്.സി /എസ്.റ്റി. ഹോസ്റ്റലുകളിലും സൗകര്യങ്ങൾക്കും സേവനങ്ങൾക്കും വേണ്ടി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | പട്ടികജാതി വികസന വകുപ്പിൽ എം. ആർ. എസ്സ് കളിലും, ഹോസ്റ്റലുകളിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ റസിഡന്റ് ട്യൂട്ടർമാരുടെ സേവനവും പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ട്യൂഷൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എം. ആർ. എസ്സ് കളിൽ എസ്.പി.സി പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെ 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ഇതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പു വരുത്തുകയാണ് പ്രധാനലക്ഷ്യം. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ച് മികച്ച വിദ്യാഭ്യാസം നൽകി അവരെ വിദ്യാസമ്പന്നരും പൊതു സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുയും അതുവഴി ഒരു ഉന്നത ജീവിതം കെട്ടിപ്പെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുവാനും ഇതുവഴി ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ മിക്കവയിലും സ്മാർട്ട് ക്ലാസ്റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്ലറ്റുകൾ, ശുദ്ധജലവിതരണം, ചുറ്റുമതിൽ, ട്രസ്സ്‌വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ, സ്വന്തമായി കെട്ടിട സൗകര്യ |

| | | | |
|---|---|---|---|
| | | | ഇല്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് താൽക്കാലിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി/ റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ ഹയർസെക്കൻഡറി സ്കൂളുകൾക്ക് ആവശ്യമായ സയൻസ്/ കമ്പ്യൂട്ടർ ലാബുകൾ/കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ /യൂണിഫോം എന്നിവ വിവിധ പദ്ധതിയിൻ പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എൻ. എസ്. എസ്. എന്നീ പദ്ധതികളും "സർഗ്ഗോത്സവം" എന്ന പേരിൽ സംസ്ഥാനതല കലാമേളയും "കളിക്കളം" എന്ന പേരിൽ സംസ്ഥാന കായിക മേളയും നടത്തുന്നു. |
| (ബി) | ഇവിടങ്ങളിൽ നിശ്ചിത നിലവാരങ്ങൾ ഏർപ്പെടുത്തുന്നതിനും കുറവുകൾ കണ്ടെത്തുന്നതിനും പദ്ധതി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ: | (ബി) | പരിഗണനയിലുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ എം. ആർ.എസ്സ് കളിൽ സ്മാർട്ട് ക്ലാസ്സ് റൂം, ഐ. എസ്. ഒ സർട്ടിഫിക്കേഷൻ തുടങ്ങിയ നവീകരണ പദ്ധതികൾ പരിഗണനയിലുണ്ട്. ഹോസ്റ്റലിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് UNICEF മാനദണ്ഡ പ്രകാരവും, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും നിശ്ചിത പഠന നിലവാരത്തിലുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽ, സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾക്കായി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ഒരു വിദഗ്ധസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദഗ്ധസമിതി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ടി മാനദണ്ഡങ്ങൾ പ്രകാരം സൗകര്യങ്ങൾ ഇല്ലാത്ത ഹോസ്റ്റലുകളുടെ നിലവാരം ഉയർത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ മേധാവികളിൽ നിന്ന് പ്രൊപ്പോസലുകൾ ലഭ്യമാക്കി ഹോസ്റ്റലുകളുടെ നിലവാരം ഉയർത്താനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട് |
| (സി) | എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; ഇതിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ? | (സി) | പട്ടികജാതി വികസന വകുപ്പിൽ ഹോസ്റ്റലുകളുടെയും എം. ആർ. എസ്സ് കളുടെയും നിലവാരം UNICEF മാതൃകയിൽ ഉയർത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കൂട്ടായ ചർച്ചയുടെ അടിസ്ഥാനത്തിൽ ഹോസ്റ്റലുകളിലേക്കും . എം. ആർ. എസ്സ് കളിലേക്കും ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ |

| | | | |
|---|---|---|---|
| | | | നടന്നുവരുന്ന [illegible] ISO സർട്ടിഫിക്കേഷൻ ഉൾപ്പെടെ [illegible] നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.<br>ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾക്കായി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ഒരു വിദഗ്ധസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദഗ്ധസമിതി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ടി മാനദണ്ഡങ്ങൾ പ്രകാരം സൗകര്യങ്ങൾ ഇല്ലാത്ത ഹോസ്റ്റലുകളുടെ നിലവാരം ഉയർത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ മേധാവികളിൽ നിന്ന് പ്രൊപ്പോസലുകൾ ലഭ്യമാക്കി ഹോസ്റ്റലുകളുടെ നിലവാരം ഉയർത്താനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട് |

**സെക്ഷൻ ഓഫീസർ**